(1)	(2)	(3)
2008-09	902.12	777.29
2009-10	869.79	819.78
2010-11	608.347	461.193 (2011 ജനുവരി വരെ)
2.75% കേന്ദ്ര സഹായ പദ്ധതി		
2006-07	236.16	117.23
2007-08	402.65	337.02
2008-09	532.63	479.10
2009-10	544.52	416.568
2010-11	352.03	8.078 (2011 ജനുവരി വരെ)
100% കേന്ദ്ര സഹായ പദ്ധതി		
2006-07	319.240	279.28
2007-08	425.06	345.47
2008-09	867.00	445.636
2009-10	786.24	690.593
2010-11	461.33	307.660 (2011 ജനുവരി വരെ)

വൃക്ഷ സംരക്ഷണ നിയമം

225(932) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986-ലെ വൃക്ഷ സംരക്ഷണ നിയമത്തിന്റെ കീഴിൽ ഏതെല്ലാം മേഖലയിലാണ് മരംമുറിക്കൽ നിരോധിച്ചിട്ടുള്ളത് :

(ബി) ഇത് സംബന്ധിച്ച് ഏതെങ്കിലും നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ടോ :

(സി) ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത നിയമത്തിലെ 5-ാം വകുപ്പനുസരിച്ച് CHR മേഖലയിൽപ്പെട്ട ഏതെല്ലാം ഭൂമിയാണ് നോട്ടിഫൈ ചെയ്തിട്ടുള്ളത് :

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രസ്തുത ഭൂമി സംസ്ഥാനത്തിന്റെ ഏതെല്ലാം ജില്ലകളിലെ, ഏതെല്ലാം താലൂക്കുകളിലെ ഏതെല്ലാം റവന്യൂ വില്ലേജുകളിലാണ് ഉൾപ്പെട്ടിരിക്കുന്നത് ; വിശദമാക്കുമോ ;

(എഫ്) ഇത് സംബന്ധിച്ച നോട്ടിഫിക്കേഷന്റെ പകർപ്പ് നൽകാമോ ?

ഉത്തരം

(എ) 1986-ലെ കേരള വൃക്ഷ സംരക്ഷണ നിയമപ്രകാരം സംസ്ഥാനത്തെ വനേതര പ്രദേശങ്ങളിലെ മരംമുറി നിയന്ത്രിക്കപ്പെട്ടിട്ടുണ്ട്. ടി നിയമത്തിലെ സെക്ഷൻ (4) പ്രകാരം ചന്ദനം, തേക്ക്, ഈട്ടി, ഇരുൾ, തേന്മാവ്, കമ്പകം, ചമ്പകം, ചടച്ചി, ചന്ദനവേമ്പ്, ചീനി എന്നീ പത്തിനം മരങ്ങൾ മുറിക്കുന്നതിന് സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സെക്ഷൻ 5 പ്രകാരം സംസ്ഥാനത്തെ സ്വകാര്യ വനങ്ങളിലോ, കാർഡമം ഹിൽ റിസർവ്വിലോ ഇതിനായി പ്രത്യേകം പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിലോ ഉൾപ്പെട്ട സ്ഥലങ്ങളിൽ എല്ലാ ജാതി മരങ്ങളും മുറിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) 1971-ൽ കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് & അസൈൻമെന്റ് ആക്ട് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പല പ്രദേശങ്ങളും പിന്നീട് കോടതി വിധികളുടെ അടിസ്ഥാനത്തിൽ പഴയ ഉടമസ്ഥർക്ക് തിരികെ നൽകിയിട്ടുണ്ട്. ഇപ്രകാരം തിരികെ നൽകിയ പ്രദേശങ്ങളിലെ വൃക്ഷങ്ങൾ അനിയന്ത്രിതമായി മുറിക്കപ്പെടാതിരിക്കാൻ പലപ്പോഴായി പല പ്രദേശങ്ങളും സെക്ഷൻ 5-ന് കീഴിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(സി) പകർപ്പുകൾ ശേഖരിച്ച് വരുന്നു.

(ഡി) കാർഡമം ഹിൽ റിസർച്ച് വനത്തിലേർപ്പെട്ട എല്ലാ സ്ഥലങ്ങളിലും മരം മുറിയിൻമേലുള്ള നിയന്ത്രണം നിയമംമൂലം ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ കാർഡമം ഹിൽ മേഖലയിൽ മരംമുറി നിയന്ത്രണം ഏർപ്പെടുത്തുന്നതിന് പ്രത്യേകം നോട്ടിഫിക്കേഷൻ ആവശ്യമില്ല.

(ഇ&എഫ്) ഇത് സംബന്ധിച്ച് വിവരങ്ങൾ ശേഖരിച്ച് വരുന്നു.

ചന്ദനമരങ്ങൾ മുറിക്കുന്നത് തടയുന്നതിന് നടപടി

226(833) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ചന്ദനക്കാടുകളിൽ നിന്ന് വ്യാപകമായി ചന്ദനമരങ്ങൾ മുറിക്കുന്നത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) കേരളത്തിൽ വീട്ടുപറമ്പുകളിൽ നട്ടുവളർത്തുന്ന ചന്ദനമരങ്ങൾ രാത്രികാലത്ത് മുറിച്ചുകൊണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly